ഉത്തരം

(എ) ഉണ്ട്. വിശപ്പും ദഹനവും ഇല്ലായ്മ, പാലുൽപ്പാദനത്തിൽ കുറവുണ്ടാകുക, ചില കന്നുകാലികളിൽ അബോർഷൻ, പാലിന് രുചി വ്യത്യാസം ഉണ്ടാവുക എന്നിവയാണ് പ്രധാന ലക്ഷണങ്ങൾ.

(ബി) കേരളത്തിലെ മിക്കവാറും എല്ലാ പ്രദേശങ്ങളിലും ഈ രോഗം വരുന്നതായി കാണുന്നു. നവംബർ മുതൽ ജനുവരി വരെയാണ് സാധാരണ ഈ രോഗം ബാധിക്കാറുള്ളത്.

(സി) രോഗബാധ ഉണ്ടായതായി അറിഞ്ഞാൽ ചീഫ് ഡിസീസ് ഇൻവെസ്റ്റിഗേഷൻ ആഫീസിൽ നിന്നും ഡോക്ടർമാർ രോഗബാധിത പ്രദേശങ്ങൾ സന്ദർശിച്ച് പ്രതിരോധ നടപടികൾ സ്വീകരിക്കും. പ്രതിരോധത്തിനാവശ്യമായ ബോധനം പത്രം, റേഡിയോ എന്നീ മാദ്ധ്യമങ്ങളിലൂടെ പൊതുജനങ്ങൾക്ക് നൽകാറുണ്ട്. പൂപ്പൽ ബാധിച്ച പിണ്ണാക്ക് പ്രധാനമായും കടലപിണ്ണാക്ക് തീറ്റയിൽ കലർത്താതിരിക്കലാണ് പ്രതിരോധ നടപടി.

(ഡി) രോഗബാധയുള്ള പശുക്കളുടെ പാൽ വിഷാംശം ഉള്ളതല്ല. പാൽ വഴി രോഗം പകരുകയുമില്ല. പരീക്ഷണങ്ങൾ ഇത് തെളിയിച്ചിട്ടുണ്ട്.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

ഡയറി ഫാം ഇൻസ്ട്രക്ടർമാരുടെ സ്റ്റൈപെൻറ് വർദ്ധിപ്പിക്കാൻ നടപടി

48 [2071] ശ്രീ. കെ. കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ക്ഷീരവികസന വകുപ്പിൽ സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീരവികസന വകുപ്പിൽ ഡയറിഫാം ഇൻസ്ട്രക്ടർ തസ്തികയിലേക്ക് പി. എസ്. സി. ശുപാർശ ചെയ്ത എത്ര പേർക്ക് ഇപ്പോൾ ട്രെയിനിംഗ് നൽകി വരുന്നുണ്ട്;

(ബി) പ്രസ്തുത ട്രെയിനികൾക്ക് പ്രതിമാസ സ്റ്റൈപെൻറ് എത്ര രൂപയാണ് നൽകി വരുന്നത്;

(സി) സ്റ്റൈപെൻറ് തുക അപര്യാപ്തമാണെന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് വർദ്ധിപ്പിക്കുന്നതിന് നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) 26 പേർക്ക്.

(ബി) 200 രൂപ.

(സി) ഉണ്ട്. സർക്കാർ ഇക്കാര്യം പരിശോധിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly